<u>പതിനാലാം കേരളനിയമസഭ</u>
<u>പത്താം സമ്മേളനം</u>

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 141 | | | 26.02.2018-ൽ മറുപടിക്ക് |
|---|---|---|---|
| **മാഫിയകളുടെ പ്രവർത്തനം തടയാൻ നടപടി** | | | |
| ചോദ്യം<br><br>ശ്രീ. വി.പി. സജീന്ദ്രൻ<br>,, റോജി എം. ജോൺ<br>,, അൻവർ സാദത്ത്<br>,, അടൂർ പ്രകാശ് | | മറുപടി<br><br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | സംസ്ഥാനത്ത് പാറ, മണൽ, റിയൽ എസ്റ്റേറ്റ് മാഫിയകൾ സജീവമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. ഉണ്ടെങ്കിൽ പ്രസ്തുത മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിനും ഷാഡോ പോലീസിന്റെ സഹായത്തോടെ കുറ്റക്കാരെ കണ്ടെത്തുന്നതിനുമുള്ള നടപടികൾ കാര്യക്ഷമമല്ലാത്തതാണ് ഇത്തരം മാഫിയകളുടെ വളർച്ചയ്ക്ക് കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത മാഫിയകൾ നടത്തുന്ന കൊലപാതകങ്ങളും, സംഘട്ടനങ്ങളും സാധാരണ ജനങ്ങളുടെ സ്വൈരജീവിതത്തെ കാര്യമായി ബാധിച്ചു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പോലീസിന്റെ ഒരു വിഭാഗത്തിന്റെ ഒത്താശയും, രാഷ്ട്രീയ പിന്തുണയുമാണ് ഇത്തരം മാഫിയകളുടെ വളർച്ചയ്ക്ക് കാരണമെന്ന ആക്ഷേപമുള്ളതിനാൽ ഇതെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തി കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | മാഫിയകളുടെ വളർച്ചയ്ക്ക് പോലീസിന്റെ ഒരു വിഭാഗത്തിന്റേയും ഒത്താശയുള്ളതായിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ